REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 12-05-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **അതിർത്തി സംഘർഷത്തിൽ ഇന്ത്യ - പാകിസ്ഥാൻ മിലിറ്ററി ഓപ്പറേഷൻസ് ഡയറക്ടർ ജനറൽമാരുടെ ടെലിഫോൺ ചർച്ച ഉച്ചയ്ക്ക്.**
- **ഇന്ന് അന്താരാഷ്ട്ര നഴ്സസ് ദിനം. നഴ്സുമാരുടെ സംസ്ഥാന തല സിസ്റ്റർ ലിനി പുതുശ്ശേരി അവാർഡുകൾ പ്രഖ്യാപിച്ചു.**
- **ബുദ്ധപൂർണിമ ദിനത്തിൽ രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും ജനങ്ങൾക്ക് ആശംസകൾ നേർന്നു.**
- **ഇടുക്കി മംഗളാദേവി ക്ഷേത്രത്തിലെ ചിത്രാപൗർണ്ണമി ഉത്സവത്തിന് തുടക്കമായി.**
- **ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിൽ മഹാരാഷ്ട്ര കുതിപ്പ് തുടരുന്നു.**

## വാർത്തകൾ വിശദമായി

ഇന്ത്യ - പാകിസ്ഥാൻ അതിർത്തിയിലെ സംഘർഷം സംബന്ധിച്ച് ഇന്ത്യൻ സൈന്യത്തിന്റെ, ഡയറക്ടർ ജനറൽ ഓഫ് മിലിറ്ററി ഓപ്പറേഷൻസ്, ലഫ്റ്റനന്റ് ജനറൽ രാജീവ് ഘായ് ഉച്ചയ്ക്ക് 12ന് പാകിസ്ഥാൻ DGMOയുമായി ടെലിഫോൺ ചർച്ച നടത്തും. വെടിനിർത്തൽ ധാരണ സംബന്ധിച്ച് ഇരുവരും സംസാരിക്കും. ഇന്നലെ വൈകിട്ട് ന്യൂഡൽഹിയിൽ വാർത്താ സമ്മേളനത്തിലാണ് രാജീവ് ഘായ് ഇക്കാര്യം അറിയിച്ചത്.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ..

.......വോയ്സ്......

ഓപ്പറേഷൻ സിന്ദൂരിന്റെ ഭാഗമായി പാകിസ്ഥാനിലെയും പാക് അധീന കശ്മീരിലെയും ഒമ്പത് ഭീകര കേന്ദ്രങ്ങളിലെ സൈനിക ആക്രമണത്തിൽ നൂറിലേറെ ഭീകരർ കൊല്ലപ്പെട്ടതായി DGMO ലഫ്റ്റനന്റ് ജനറൽ രാജീവ് ഘായ് പറഞ്ഞു. 1999 ലെ IC-814 വിമാനം ഹൈജാക്ക് ചെയ്തതിലും പുൽവാമ സ്ഫോടനത്തിലും ഉൾപ്പെട്ട യൂസഫ് അസ്ഹർ, അബ്ദുൾ മാലിക് റൗഫ്, മുദാസിർ അഹമ്മദ് തുടങ്ങിയ കൊടും ഭീകരർ ഇതിൽ ഉൾപ്പെടുന്നതായി DGMO അറിയിച്ചു. ഭീകരതയ്ക്ക് നേതൃത്വം നൽകിയവരെയും ആസൂത്രണം ചെയ്തവരെയും കണ്ടെത്താനും, ഭീകര പ്രവർത്തകരുടെ അടിസ്ഥാന സൗകര്യങ്ങൾ നശിപ്പിക്കാനും വ്യക്തമായ സൈനിക ലക്ഷ്യത്തോടെയാണ് ഓപ്പറേഷൻ സിന്ദൂർ വിഭാവനം ചെയ്തതെന്നും അദ്ദേഹം വിശദീകരിച്ചു.

ശനിയാഴ്ച ഉച്ചകഴിഞ്ഞ് പാക് സൈനിക മേധാവിയുമായി സംസാരിച്ചതായും അതിർത്തിയിലെ വെടിവയ്പ്പും ഇരുവശത്തെയും വ്യോമാക്രമണവും നിർത്തിവച്ചതായും അദ്ദേഹം പറഞ്ഞു. എന്നാൽ അതിർത്തി കടന്നും നിയന്ത്രണ രേഖ കടന്നും വെടിവയ്പ്പ് നടത്തിയും ഡ്രോൺ നുഴഞ്ഞുകയറ്റം നടത്തിയും പാകിസ്ഥാൻ സൈന്യം രണ്ട് മണിക്കൂറുകൾക്കകം ധാരണ ലംഘിച്ചത്തിൽ ലെഫ്റ്റനന്റ് ജനറൽനിരാശ പ്രകടിപ്പിച്ചു.

പാകിസ്ഥാൻ ഏതെങ്കിലും തരത്തിൽ ലംഘനം നടത്തിയാൽ തിരിച്ചടിക്കാൻ കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി കരസേനാ കമാൻഡർമാർക്ക് പൂർണ്ണ അധികാരം നൽകിയിട്ടുണ്ടെന്നും DGMO പറഞ്ഞു. ഓപ്പറേഷൻ സിന്ദൂരിൽ ജീവത്യാഗം ചെയ്ത സായുധ സേനയിലെ അഞ്ച് രക്തസാക്ഷികൾക്കും സാധാരണക്കാർക്കും ലെഫ്റ്റനന്റ് ജനറൽ ആദരാഞ്ജലി അർപ്പിച്ചു.

✪✪✪

പഹൽഗാം ഭീകരാക്രണം - ഓപ്പറേഷൻ സിന്ദൂർ - അതിർത്തിയിലെ വെടി നിർത്തൽ എന്നീ വിഷയങ്ങൾ ചർച്ച ചെയ്യാൻ പ്രത്യേക പാർലമെന്റ് സമ്മേളനം വിളിക്കണമെന്ന് ആവശ്യപ്പെട്ട് ലോക് സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി പ്രധാനമന്ത്രിക്ക് കത്തയച്ചു. പ്രതിപക്ഷത്തിന്റെ ഏകകണ്ഠമായ ആവശ്യമാണിതെന്ന് അദ്ദേഹം കത്തിൽ പറഞ്ഞു. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഗാർഖെയും ഈ ആവശ്യം ഉന്നയിച്ച് പ്രധാനമന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്.

✪✪✪

ഇന്ന് അന്താരാഷ്ട്ര നഴ്സസ് ദിനം. ആധുനിക നഴ്സിംഗിന്റെ മാതാവ് ഫ്ലോറൻസ് നൈറ്റിംഗേലിന്റെ ജന്മദിനമാണ് നഴ്സസ് ദിനമായി ആചരിക്കുന്നത്. നമ്മുടെ നഴ്സുമാർ, നമ്മുടെ ഭാവി, നഴ്സുമാരുടെ ക്ഷേമം ഉറപ്പാക്കുന്നത്

സമ്പദ് വ്യവസ്ഥ ശക്തമാക്കുന്നുവെന്നതാണ് ഈ വർഷത്തെ ദിനാചരണ സന്ദേശം. വൈകിട്ട് തിരുവനന്തപുരം AKG ഹാളിൽ നഴ്സസ് ദിനാഘോഷം മന്ത്രി വീണാ ജോർജ്ജ് ഉദ്ഘാടനം ചെയ്യും.

നഴ്സുമാരുടേത് സമാനതകളില്ലാത്ത ആതുരസേവനമാ ണെന്ന് മന്ത്രി വീണാ ജോർജ്ജ് അഭിപ്രായപ്പെട്ടു. നഴ്സിംഗ് മേഖലയുടെ പുരോഗതിക്ക് ഗവൺമെന്റ് വലിയ പ്രാധാന്യമാണ് നൽകുന്നത്. നഴ്സിംഗ് വിദ്യാഭ്യാസത്തിന് മികച്ച പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി ഗവൺമെന്റ് മേഖലയിലും C-മെറ്റിന്റെ കീഴിലും പുതുതായി 15 നഴ്സിംഗ് കോളേജുകൾ ആരംഭിച്ചതായി മന്ത്രി അറിയിച്ചു.

✪✪✪

ഗവൺമെന്റ് ആശുപത്രികളിൽ മികച്ച സേവനം കാഴ്ച വെച്ച നഴ്സുമാരുടെ സംസ്ഥാന തല സിസ്റ്റർ ലിനി പുതുശ്ശേരി അവാർഡുകൾ തിരുവനന്തപുരത്ത് മന്ത്രി വീണാ ജോർജ്ജ് പ്രഖ്യാപിച്ചു. ആരോഗ്യ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുകളിലെ നഴ്സുമാരെയാണ് അവാർഡിന് പരിഗണിച്ചത്.

ആരോഗ്യ വകുപ്പിലെ ജനറൽ നഴ്സിംഗ് വിഭാഗത്തിൽ ഇടുക്കി ജില്ലാ ആശുപത്രിയിലെ നഴ്സിംഗ് ഓഫീസർ PM അരുൺകുമാർ, ആരോഗ്യ വകുപ്പ് പബ്ലിക് ഹെൽത്ത് നഴ്സിംഗ് വിഭാഗത്തിൽ ഇടുക്കി വാളറ - ദേവീയാർ കുടുംബാരോഗ്യ കേന്ദ്രത്തിലെ G ജോൺ എന്നിവർക്കാണ് പുരസ്കാരം. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ജനറൽ നഴ്സിംഗ് പുരസ്കാരത്തിന് തിരുവനന്തപുരം മെഡിക്കൽ കോളേജ് SAT ആശുപത്രിയിലെ സീനിയർ നഴ്സിംഗ് ഓഫീസർ K ജ്യോതിക്കാണ് പുരസ്കാരം. ഇതോടൊപ്പം ജില്ലാ-തല അവാർഡുകളും പ്രഖ്യാപിച്ചിട്ടുണ്ട്.

✪✪✪

കോഴിക്കോട് ജില്ലാതല നേഴ്സസ് ദിനാഘോഷം ഉച്ചയ്ക്ക് കോഴിക്കോട് മെഡിക്കൽ കോളേജ് നിള ഓഡിറ്റോറിയത്തിൽ മന്ത്രി PA മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. MK രാഘവൻ MP മുഖ്യാതിഥിയാവും. എഴുത്തുകാരൻ ബെന്യാമിനും പരിപാടിയിൽ പങ്കെടുക്കും.

✪✪✪

ശ്രീബുദ്ധന്റെ ജന്മദിനമായ ബുദ്ധപൂർണിമ ഇന്ന് ആഘോഷിക്കുന്നു. വൈശാഖ പൗർണമി ദിനത്തിലാണ് ബുദ്ധജയന്തി ആഘോഷിക്കുന്നത്. രാഷ്ട്രപതി ദ്രൗപതി മുർമുവും ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകറും ജനങ്ങൾക്ക് ബുദ്ധപൂർണിമ ആശംസകൾ നേർന്നു. അഹിംസ, ദയ, സ്നേഹം, എന്നിവയുടെ

അനശ്വര സന്ദേശമാണ്  ബുദ്ധജയന്തി നൽകുന്നതെന്ന് രാഷ്ട്രപതി ആശംസാ സന്ദേശത്തിൽ പറഞ്ഞു.

ശ്രീബുദ്ധന്റെ ജനനം, ബോധോദയം, നിർവാണം എന്നീ സംഭവങ്ങൾ ഓർമ്മിപ്പിക്കുന്ന പവിത്ര ദിനമാണിതെന്ന്  ഉപരാഷ്ട്രപതി സന്ദേശത്തിൽ പറഞ്ഞു.

✪✪✪

ചരിത്ര പ്രസിദ്ധമായ ഇടുക്കി മംഗളാദേവി ക്ഷേത്രത്തിലെ ചിത്രാപൗർണ്ണമി ഉത്സവത്തിന് തുടക്കമായി. പെരിയാർ വന്യ ജീവി സങ്കേതത്തിലെ കണ്ണകി പ്രതിഷ്ഠയോട് കൂടിയ കാനനക്ഷേത്രമാണ്  മംഗളാദേവി. ആയിരത്തിലേറെ വർഷം പഴക്കം കണക്കാക്കുന്ന ക്ഷേത്രത്തിൽ കേരള - തമിഴ്നാട് രീതികളിലാണ് പൂജകൾ നടത്തുന്നത്. രാവിലെ മുതൽ നിരവധി ഭക്തർ ക്ഷേത്രത്തിലേക്ക് എത്തിക്കൊണ്ടിരിക്കുന്നു.

കൂടുതൽ വിവരങ്ങളുമായി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.

.......വോയ്സ്......

ക്ഷേത്രത്തിലേക്കാവശ്യമായ പൂക്കൾ, പൂജാസാധനങ്ങൾ, അലങ്കാര വസ്തുക്കൾ എന്നിവ പുലർച്ചെ നാല് മണിക്ക് തന്നെ എത്തിച്ചു. തമിഴ്നാട്ടിൽ നിന്നും കേരളത്തിൽ നിന്നുമുള്ള പുരോഹിതന്മാർ ആചാരപരമായ പ്രാർത്ഥനകൾ നടത്തി അഞ്ച് മണിയോടെ നട തുറന്നു. തുടർന്ന് പ്രധാന ദേവതയായ മംഗള ദേവിയെ പൂക്കളും പട്ടും കൊണ്ട് അലങ്കരിച്ചതോടെ ചടങ്ങുകൾക്ക് തുടക്കമായി. രാവിലെ 6 മുതൽ ക്ഷേത്രത്തിലേക്ക് തീർത്ഥാടകർ പ്രവേശിച്ച് തുടങ്ങി. വൈകിട്ട് 5 മണി വരെ മാത്രമാണ് തീർത്ഥാടകർക്ക് ദർശനാനുമതിയുള്ളത്.

13 കിലോമീറ്ററോളം ഉൾവനത്തിൽ സ്ഥിതി ചെയ്യുന്ന ക്ഷേത്രത്തിലേക്ക് പുലർച്ചെ 5.30 മുതൽ കുമളി ബസ് സ്റ്റാൻഡ് പരിസരത്ത് നിന്ന് ആരംഭിച്ച ജീപ്പ് സർവ്വീസ് ഉച്ചയ്ക്ക് 1.45 വരെ ലഭ്യമാണ്. ഉച്ചതിരിഞ്ഞ് 2.30  വരെ മാത്രമേ കുമളിയിലെ വനംവകുപ്പിന്റെ ചെക്പോസ്റ്റ് വഴി തീർത്ഥാടകക്കാരെ അനുവദിക്കൂ. ക്ഷേത്രത്തിലേക്കെത്തുന്ന

ഭക്തർക്കായി കുടിവെള്ളം, മെഡിക്കൽ സേവനം, ശുചിമുറി സൗകര്യം, ബി.എസ്.എൻ.എൽ മൊബൈൽ സേവനം, സുരക്ഷാ സംവിധാനം എന്നിവയൊരുക്കിയിട്ടുണ്ട്.

ഇടുക്കി-തേനി ജില്ലാ ഭരണകൂടങ്ങൾ സംയുക്തമായിട്ടാണ്  ചിത്രാപൗർണ്ണമി ഉത്സവം നടത്തുന്നത്.

✪✪✪

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് രാവിലെ ഹജ്ജ് കർമ്മത്തിനായി 170 വനിത തീർത്ഥാടകർ യാത്ര തിരിച്ചു. ഇന്നും നാളെയും വനിതകൾ മാത്രമായിരിക്കും എയർ ഇന്ത്യ എക്സ്പ്രസ്സിൽ ഹജ്ജിനു പോവുന്നത്.

ഇന്നലെ രണ്ട് വിമാനങ്ങളിലായി 340 പേർ കണ്ണൂരിൽ നിന്ന് ഹജ്ജിന് യാത്ര തിരിച്ചു.

✪✪✪

കായിക വകുപ്പിന്റെ Kick Drugs - Say, Yes to Sports ലഹരി വിരുദ്ധ സന്ദേശ യാത്ര ബുധനാഴ്ച തിരുവനന്തപുരത്ത് നിന്ന് പുനരാരംഭിക്കും. അതിർത്തി സംഘർഷത്തെ തുടർന്ന് യാത്ര തൽക്കാലം നിർത്തി വെച്ചിരുന്നു. കാസർകോട് മുതൽ കോഴിക്കോട് വരെ അഞ്ച് ജില്ലകളിൽ മന്ത്രി V അബ്ദുറഹ്മാന്റെ നേതൃത്വത്തിലാണ് സന്ദേശ യാത്ര പൂർത്തിയായത്.

✪✪✪

കേരള പ്രീമിയർ ലീഗ് ഫുട്ബാൾ കിരീടം മുത്തൂറ്റ് ഫുട്ബോൾ അക്കാദമിക്ക്. കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ കേരള പോലീസിനെ ഒന്നിനെതിരെ രണ്ട് ഗോളിനാണ് മുത്തുറ്റ് FA പരാജയപെടുത്തിയത്. ദേവദത്ത്, അബിത്ത് എന്നിവർ ഗോൾ അടിച്ചപ്പോൾ കേരള പോലീസിനായി സുജിൽ ആശ്വാസ ഗോൾ നേടി.

✪✪✪

ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിൽ മഹാരാഷ്ട്ര കുതിപ്പ് തുടരുന്നു. 30 സ്വർണ്ണവും 25 വെള്ളിയുമുൾപ്പെടെ മഹാരാഷ്ട്ര 80 മെഡലുകൾ നേടി. 14 സ്വർണ്ണവും 21 വെള്ളിയുമുൾപ്പെടെ 42 മെഡലുകളുമായി കർണാടകയാണ് രണ്ടാം സ്ഥാനത്ത്.

✪✪✪

അഖിലേന്ത്യ വോളിബോൾ ടൂർണമെന്റിന് വൈകിട്ട് കണ്ണൂർ പയ്യന്നൂരിൽ തുടക്കമാകും. നിയമ സഭാ സ്പീക്കർ AN ഷംസീർ ടൂർണമെന്റ് ഉദ്ഘാടനം ചെയ്യും.

ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി KO ശശിധരന്റെ റിപ്പോർട്ട്.

.......വോയ്സ്...

സ്പോർട്സ് ആൻഡ് കൾച്ചറൽ ഡവലപ്പ്മെന്റ് അസോസിയേഷന്റെ നേതൃത്വത്തിൽ നടക്കുന്ന ടൂർണ്ണമെന്റിൽ ഇന്ത്യൻ വോളിബോളിന്റെറെ അഭിമാന താരങ്ങളും ടീമുകളും മത്സരത്തിന് ഇറങ്ങും. 'ലഹരിയുടെ ഒളിയിടങ്ങളല്ല ഒരുമയുടെ കളിയിടങ്ങൾ തുറക്കട്ടെ' എന്ന സന്ദേശവുമായി പയ്യന്നൂർ ഗവ. ഹൈസ്കൂൾ മൈതാനത്തെ പ്രത്യേകം തയ്യാറാക്കി ഫ്ലഡ്ലിറ്റ് സ്റ്റേഡിയത്തിലാണ് മത്സരം. പുരുഷ വിഭാഗത്തിൽ മുംബൈ സ്പൈ ക്കേഴ്സ്, കസ്റ്റംസ്, ചെന്നൈ ഇൻകംടാ ക്സ്, ഇന്ത്യൻ എയർഫോഴ്സ്, കെഎ സ്ഇബി, കേരള പോലീസ് എന്നീ ടീമുക ളും വനിതാ വിഭാഗത്തിൽ സൗത്ത് സെൻട്രൽ റെയിൽവേ, ബാങ്ക് ഓഫ് മഹാരാഷ്ട്ര, ഐസിഎഫ് ചെന്നൈ, കെഎസ്ഇ ബി എന്നീ ടീമുകളുമാണ് മാറ്റുരക്കുന്നത്. എല്ലാ ദിവസവും വൈകീട്ട് ഏഴിന് മത്സ രം തുടങ്ങും. ഇന്ന് പുരുഷ വിഭാഗത്തിൽ ഇന്ത്യൻ എയർഫോഴ്സും ചെന്നെ ഇൻകം ടാക്സും ,കൊച്ചിൻ കസ്റ്റംസും മുംബൈ സ്പൈക്കേസും ഏറ്റുമുട്ടും.

✪✪✪

സപ്ലൈകോ സ്കൂൾ മാർക്കറ്റുകളുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന്. തിരുവനന്തപുരത്ത് മന്ത്രി G.R അനിൽ സ്കൂൾ മാർക്കറ്റുകൾ തുറക്കും. എല്ലാ താലൂക്കുകളിലും തെരഞ്ഞെടുത്ത സൂപ്പർമാർക്കറ്റുകളും പീപ്പിൾസ് ബസാറുകളും കേന്ദ്രീകരിച്ചാണ് സ്കൂൾ മാർക്കറ്റുകളുടെ പ്രവർത്തനം. വിദ്യാർഥികൾക്ക് ആവശ്യമായ പഠനോപകരണങ്ങൾ 17 ശതമാനം വരെ വിലക്കുറവിൽ മാർക്കറ്റുകളിൽ ലഭ്യമാക്കും.

✪✪✪

KPCC പ്രസിഡന്റായി സണ്ണി ജോസഫ് MLA രാവിലെ ചുമതലയേൽക്കും. തിരുവനന്തപുരത്ത് KPCC ആസ്ഥാനമായ ഇന്ദിരാ ഭവനിൽ K.സുധാകരൻ MP യിൽ നിന്നാണ് സണ്ണി ജോസഫ് ചുമതലയേറ്റെടുക്കുന്നത്. UDF കൺവനീറായി അടൂർ പ്രകാശും വർക്കിംഗ് പ്രസിഡന്റുമാരായി PC വിഷ്ണുനാഥ്, AP അനിൽ കുമാർ, ഷാഫി പറമ്പിൽ എന്നിവരും ഇതോടൊപ്പം സ്ഥാനമേൽക്കും.

✪✪✪

കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാലക്ക് നാക് അക്രഡിറ്റേഷനിൽ A ഗ്രേഡ് ലഭിച്ചതായി പ്രോ-ചാൻസലർ കൂടിയായ സജി ചെറിയാൻ അറിയിച്ചു. ഇതോടെ കുഫോസ് ICAR - AICTE -UGC എന്നിവയുടെ അംഗീകാരം ലഭിച്ച ആദ്യ സർവകലാശാലയായി മാറിയെന്ന് മന്ത്രി പറഞ്ഞു.

✪✪✪

ജോയിന്റ് കൗൺസിൽ 56-ാം വാർഷിക സമ്മേളനം ഇന്ന് പാലക്കാട്ട് തുടങ്ങും. വൈകീട്ട് കോട്ടമൈതാനത്ത് പൊതുസമ്മേളനം മന്ത്രി K. രാജൻ ഉദ്ഘാടനം ചെയ്യും.

✪✪✪

തിരുവനന്തപുരം നന്ദൻകോട് കൂട്ടക്കൊല കേസിന്റെ വിധി ഇന്നുണ്ടായേക്കും. വഞ്ചിയൂർ ആറാം അഡീഷണൽ സെഷൻസ് കോടതിയാണ് വിധി പറയുന്നത്. നേരത്തെ രണ്ട് തവണ കോടതി വിധി പ്രഖ്യാപനം മാറ്റിയിരുന്നു.

✪✪✪

കോഴിക്കോട് ബീച്ചിൽ 'എന്റെ കേരളം' പ്രദർശന-വിപണന മേള ഇന്ന് സമാപിക്കും. ഗവൺമെന്റിന്റെ വികസന പരിപാടികളും സേവനങ്ങളും ജനങ്ങളിലെത്തിക്കുന്ന പ്രദർശനം കാണാൻ പതിനായിരങ്ങൾ കഴിഞ്ഞ ദിവസങ്ങളിൽ എത്തിയിരുന്നു.

✪✪✪

*News Editor: പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*News Team:, രജിന കെ*
*DEO: സി കെ സുബോധ്*